സ്വകാര്യ മേഖലയിൽകൂടി യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് ഭൂമി, കെട്ടിടം, യന്ത്രസാമഗ്രികൾ എന്നിവയ്ക്കുള്ള സ്ഥിരനിക്ഷേപ മൂലധനത്തിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. ഇതനുസരിച്ച് സംസ്ഥാനത്ത് പുതുതായി 23 ഡീ ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിന് കയർ വികസന വകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി, ഡി) ചകിരി ഇറക്കുമതി ചെയ്ത് വിതരണം നടത്തുന്നതിന് പൊതുമേഖലാ സ്ഥാപനമായ ആലപ്പുഴയിലെ ഫോം മാറ്റിംഗ്സ് (ഇൻഡ്യ)യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സി-ഡോക്ടിന്റെ ഉദ്ദേശ്യങ്ങൾ

138 [456] **ശ്രീ. കെ. മോഹൻകുമാർ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടപ്പനക്കുന്ന് മൃഗസംരക്ഷണ ഫാം കോമ്പൗണ്ടിൽ ബഹു. മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവഹിച്ച സി-ഡോക്ട് എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സ്ഥാപനത്തിന്റെ ഭരണസമിതി അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ;

(സി) ഈ സ്ഥാപനം ഇതേവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) ഈ സ്ഥാപനത്തിന് കേന്ദ്ര-സംസ്ഥാന സർക്കാരും മറ്റ് ഏജൻസികളും ഇതേവരെ എത്ര തുക നൽകിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കയർ വ്യവസായത്തെക്കുറിച്ചുള്ള ഗവേഷണ മാനേജ്മെന്റിൽ പഠനത്തിനാണ് സി-ഡോക്ട് എന്ന ദേശീയ കയർ റിസേർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിരിക്കുന്നത്.

(ബി) ഈ സ്ഥാപനത്തിന്റെ ഭരണസമിതി അംഗങ്ങളുടെ പേരുവിവരം അനുബന്ധം 1 ആയി ഉള്ളടക്കം ചെയ്യുന്നു.†

(സി) ഈ സ്ഥാപനം ഇന്നേവരെ നടത്തിയ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം അനുബന്ധം 2 ആയി ഉള്ളടക്കം ചെയ്യുന്നു.†

(ഡി) ഈ സ്ഥാപനത്തിന് ഇതുവരെ കേന്ദ്രത്തിൽ നിന്നും സഹായമൊന്നും ലഭിച്ചിട്ടില്ല. കയർ വികസന വകുപ്പിൽ നിന്നും ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ നിന്നുമായി ഇതുവരെ 228.2 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly